## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആവഡ-ജീവനക്കാര്യം-സ്പെഷ്യലിറ്റികേഡർ-ഡോ.ഷിജിൽ ജോസഫ്,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്)- പുനർനിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ഉത്തരവ് നം .ഇബി 4- 5211/2020/ആവഡ തീയതി 14-10-2024

2 Endtt.No.EB4(old) 1475/23 dated 15/10/2024

### ഉത്തരവ് നം .ഇബി 4- 5211/2020/ആവഡ തീയതി: 20-10-2024

ആരോഗ്യവകുപ്പിൽ മട്ടന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ആയി സേവനത്തിലിരിക്കെ ഉപരി പഠനാർത്ഥമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഡോ. ഷിജിൽ ജോസഫ് ന്റെ അവധി 13/10 /2024 ന് അവസാനിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പിൽ അവധി ക്രമീകരണത്തിന് വിധേയമായി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലുള്ള നിലവിലുള്ള ഒഴിവിൽനിയമിച്ച് ഉത്തരവായിരുന്നു.എന്നാൽ പരാമർശം 2 പ്രകാരം ഡോ.ഷിജിൽ ജോസഫ് -ന്റെ കോഴ്സ് കാലയളവ്31/10/2024 വരെദീർഘിപ്പിച്ചു നൽകുവാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു എന്നറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ.ഷിജിൽ ജോസഫ്-ന്റെ കോഴ്സ് കാലയളവ് 31/10/2024 ന് അവസാനിക്കുന്നതിനാൽ ഡോ. ഷിജിൽ ജോസഫ് 01/11/2024 ന് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലെ നിലവിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലുള്ള ഒഴിവിൽ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി അയച്ചു തരേണ്ടതാണ്.

മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ് .

പരാമർശം 1 പ്രകാരമുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

Signed by
Reena K J
Date: 20-10-2024 21:11:23

**ആരോഗ്യവകുപ്പ്ഡയറക്ടർ**

സ്വീകർത്താവ്

ഡോ .ഷിജിൽ ജോസഫ് ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്)

പകർപ്പ്: 1 അക്കൗണ്ടന്റ് ജനറൽ (എ&ഇ ),കേരള ,തിരുവനന്തപുരം

2 ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ

3 ബന്ധപ്പെട്ടബന്ധപ്പെട്ട സ്ഥാപന മേധാവി